മി. ചെയർമാൻ: ഞാൻ വളരെ കൃത്യമായി പരിശോധിച്ചതിനുശേഷമാണ് പറഞ്ഞത്. ശ്രീ. സുന്ദരേശൻ നായർ അങ്ങനെ പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സുന്ദരേശൻ നായർ ഇരിക്കണം. ഞാൻ അതു സംബന്ധിച്ച് വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞു. ചെയറിൽനിന്നുള്ള റൂളിംഗ് അനുസരിക്കണം.

(Mr. Deputy Speaker in the Chair)

(b) ക്ഷീരവ്യവസായ വികസനം

ശ്രീ. പി. സി. ജോസഫ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"ഉൽപാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാനുള്ള ബുദ്ധിമുട്ടുകൊം മൂലം കേരളത്തിലെ പാലുൽപാദകരും, പാൽവിതരണ സഹകരണസംഘങ്ങളും നേരിടുന്ന പ്രശ്നങ്ങൊക്കു പരിഹാരമുണ്ടാക്കുവാൻ വേണ്ടി കേരളത്തിൽ ഒരു പാൽപ്പൊടിനിർമ്മാണഫാക്ടറി ആരംഭിക്കുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു."

സർ, നമ്മുടെ സംസ്ഥാനത്തെ പാലുൽപാദകരും, പാലുൽപാദകരുടെ ആഭിമുഖ്യത്തിലുള്ള ക്ഷീരോൽപാദക സഹകരണസംഘങ്ങളും ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ആ രംഗവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും.....

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ജോസഫ് ഒന്നു നിറുത്തണം. സമയം ഇപ്പോൊം പന്ത്രണ്ടു മണിയായി. അര മണിക്കൂർ കൂടിയേ ഉള്ളൂ സഭാനടപടികളും അവസാനിക്കാൻ. രണ്ടാമത്തെ പ്രമേയത്തിലേക്കു കടന്നിട്ടേയുള്ളു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൊം സഹകരിക്കുമെങ്കിൽ അൽപസമയം കൂടി ഇരിക്കാം.

ശ്രീ. ടി. എ. മജീദ്: വെള്ളിയാഴ്ചയായതുകൊണ്ട് പന്ത്രണ്ടരമണിക്കു പിരിയണം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സമയം നീട്ടിയാൽ പ്രാർത്ഥനക്ക് തടസ്സം വരും.

മി. ഡെപ്യൂട്ടി സ്പീക്കർ: എങ്കിൽ ചുരുക്കി സംസാരിക്കുക.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട പല വിപ്ലവപരിപാടിയേക്കാളും അപ്രധാനമല്ലാത്ത പ്രാധാന്യം ഈ ധവളവിപ്ലവ പരിപാടിക്കുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ഭാരതരാജ്യം കാലിസമ്പത്തിന്റെ കാര്യത്തിൽ എണ്ണത്തിൽ ധന്യമാണെങ്കിലും ഗുണത്തിൽ ധന്യമാണെന്നു പറയാൻ നിവൃത്തിയില്ല. കൃത്രിമ ബീജസങ്കലനപരിപാടി വിജയകരമായി നീങ്ങുന്ന സന്ദർഭത്തിൽ നമ്മുടെ ഗ്രാമീണ കർഷകരെ സംബന്ധിച്ചിടത്തോളം പാലുൽപാദനരംഗത്ത് വിജയകരമായ നേട്ടം കൈവരിച്ചു എന്ന് എല്ലാവർക്കുമറിയാം. എസ്. എഫ്. ഡി. എ. പോലെയുള്ള സംവിധാനങ്ങളിൽനിന്നും, ദേശവൽകൃതബാങ്കുകളുടെ സഹായത്തോടുകൂടിയും എല്ലാം ഗ്രാമീണ കർഷകർ വളരെ ഉൽപാദനശേഷിയുള്ള പശുക്കളേയും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുകയും പാലുൽപാദനരംഗത്ത് വിജയകരമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തതായി ഉള്ള അനുഭവങ്ങൾ നമുക്കെല്ലാവർക്കും ബോദ്ധ്യമുണ്ട്. ഇന്ന് പല സ്ഥലങ്ങളിലും ചില്ലിംഗ് പ്ലാൻറും ഡയറികളും സ്ഥാപിച്ചുവെങ്കിലും അതിൻറെയൊക്കെ സ്ഥിതി ശോചനീയമാണെന്ന് പറയാതെയിരിക്കുവാൻ നിവൃത്തിയില്ല. തിരുവനന്തപുരത്തും, കൊല്ലത്തുമുള്ള മൂന്നു ചില്ലിംഗ് പ്ലാൻറുകളിലുമായി ആറായിരം ലിറ്റർ പാൽ ശേഖരിക്കുന്നതിനും ഡയറികളിലൂടെ അതു വിറ്റഴിക്കുന്നതിനും സൗകര്യമുണ്ടെങ്കിൽപ്പോലും 28,000-ത്തിലധികം ലിറ്റർ പാലാണ് തിരുവനന്തപുരത്തുള്ള ഡയറി കൈകാര്യം ചെയ്യുന്നത് എന്നുള്ളതു ഒരു വസ്തുതയാണ്.

ആലപ്പുഴ ജില്ലയിലുള്ള ഒരു ചില്ലിംഗ് പ്ലാൻറിലൂടെ രണ്ടായിരം ലിറ്റർ പാൽ കൈകാര്യം ചെയ്യാവുന്ന സ്ഥാനത്ത് നാലായിരം ലിറ്റർ പാലാണ് കൈകാര്യം ചെയ്യുന്നത്. കോട്ടയം ജില്ലയിൽ ഒരു ചില്ലിങ്ങ് പ്ലാൻറിൽ രണ്ടായിരം ലിറ്റർ പാൽ കൈകാര്യം ചെയ്യേണ്ടിടത്ത് ആറായിരം ലിറ്റർ പാൽ കൈകാര്യം ചെയ്യുകയാണ്. എറണാകുളം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലുള്ള പത്തു ചില്ലിംഗ് പ്ലാൻറുകളിലായി ഇരുപതിനായിരം ലിറ്റർ പാൽ കൈകാര്യം ചെയ്യേണ്ട സ്ഥാനത്ത് അതിനെക്കാൾ കൂടുതൽ ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നു. ഇടപ്പള്ളിയിലുള്ള ഒരു ഡയറിയിൽത്തന്നെ പതിനായിരം ലിറ്റർ പാൽ കൈകാര്യം ചെയ്യാൻ സൗകര്യമുള്ളിടത്ത് 28,000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നു. പലക്കാട്ടും, മലപ്പുറത്തും, കോഴിക്കോട്ടും അടുത്ത കാലത്ത് കണ്ണൂരിലും ആരംഭിച്ചിരിക്കുന്ന ചില്ലിംഗ് പ്ലാൻറുകളുടേയും ഡയറിയുടേയുമൊക്കെ സ്ഥിതി ഇതുതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രികൂടി അംഗമായിരുന്നിട്ടുള്ള എറണാകുളം ഡി. ഡി. സി. യിൽ സാധാരണ ഉണ്ടാകാറുള്ള ഒരു പരാതിയായിരുന്നു ഇടപ്പള്ളിയിൽ പാൽ തോട്ടിലൂടെ ഒഴുകുന്നു എന്ന്. സർ, പാലുൽപാദനരംഗത്തുള്ള സ്ഥിതി നമുക്കറിയാം. ചില കാലങ്ങളിൽ പാൽ ധാരാളമായി ഉണ്ടാകുകയും ചില കാലങ്ങളിൽ പാൽ കുറയുകയും ചെയ്യും. പാൽ കുറയുന്ന സന്ദർഭത്തിൽ നമ്മുടെ ഡയറികൾ ചെയ്യാറുള്ളത് ഇൻഡ്യൻ ഡയറി കോർപ്പറേഷനിൽനിന്ന് പാൽപ്പൊടി വാങ്ങി അതു കലക്കിക്കൊടുത്ത് പാൽസമ്പാദകരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുകൾ കുറയ്ക്കുകയാണ്. എന്നാൽ പാൽ കൂടുതലുള്ള സന്ദർഭത്തിൽ വളരെ ബുദ്ധിമുട്ട് ഈ ചില്ലിങ്ങ് പ്ലാൻറിലും അതുപോലെ ഡയറിയിലും അതുപോലെ കൃഷിക്കാർക്കും അനുഭവപ്പെടുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

ഒരാഴ്ചയിൽ രണ്ടും മൂന്നും ദിവസം വരെ ഓഫ് കൊടുക്കുകയാണ് ചില്ലിംഗ് പ്ലാൻറിൽ. കൃഷിക്കാർ പാൽ കൊണ്ടുചെല്ലുമ്പോൾ പാൽ എടുക്കുന്നില്ല. എന്തു ദയനീയമായ സ്ഥിതിയാണ് ഇതെന്നറിയാമോ? ഒരാഴ്ചയിൽ മൂന്നു ദിവസം പാൽ എടുക്കില്ല എന്നു പറഞ്ഞാൽ അവർ എങ്ങനെ പശുവിനു തീറ്റി കൊടുക്കും? പശുവിനുവേണ്ടി കടം വാങ്ങിയ ബാങ്കിൽ എങ്ങിനെ തവണ അടയ്ക്കും? ഇതെല്ലാം വളരെ പ്രധാനപ്പെട്ട ബുദ്ധിമുട്ടുകളാണ്. നമ്മുടെ രാജ്യത്തുള്ള എല്ലാ കൃഷിക്കാരുടേയും അവസ്ഥ ഇതാണെന്ന് ബഹുമാനപ്പെട്ട കൃഷിമന്ത്രിക്ക് അറിയാമെന്നുള്ള വസ്തുത ഞാൻ ഓർക്കുകയാണ്. ഒരുകാലത്ത് കൃഷിക്കാർ ജാതിക്കൃഷിയുടെ പിന്നാലെ പോയി, പിന്നെ ഗ്രാമ്പു കൃഷിയുടെ പിന്നാലെ പോയി, കൊക്കോ കൃഷിയുടെ പിന്നാലെ പോയി, ഇഞ്ചിക്കൃഷിയുടെ പിന്നാലെ പോയി. ഇങ്ങനെ ഓരോ കൃഷിയുടേയും പിന്നാലെ പോയ കൃഷിക്കാരൻറെ അനുഭവം വേദനയും ബുദ്ധിമുട്ടും നിറഞ്ഞതാണ്. ഇന്നു പാലുൽപാദനരംഗത്ത് പ്രവേശിച്ച കൃഷിക്കാരുടേയും സ്ഥിതി ഇതാണ് എന്നു ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ ഈ സഭയിലെ ഇതുമായിട്ടു ബന്ധപ്പെട്ട എല്ലാ ആൾക്കാർക്കും അറിയാവുന്ന ഒരു വസ്തുതയാണ്. അതുകൊണ്ട് ഇതിനു ശാശ്വതമായിട്ടുള്ള ഒരു പരിഹാരം കാണണമെങ്കിൽ ഒരു പാൽപ്പൊടി ഫാക്ടറി ആരംഭിക്കണം. ഒരു ദിവസം 25,000 ലിറ്റർ പാലെങ്കിലും ഒരു പാൽപ്പൊടി ഫാക്ടറിക്ക് അത്യാവശ്യമായിട്ട് വേണ്ടതുണ്ട്. സർ, നമ്മുടെ ചില്ലിംഗ് പ്ലാൻറുകൾ ആരംഭിക്കുമ്പോൾ രണ്ടു കൊല്ലത്തേക്ക് ടാർജറ്റ് പൂർത്തിയാക്കേണ്ട ചില്ലിംഗ് പ്ലാൻറുകളിൽ, ടാർജറ്റ് പൂർത്തിയാകാൻ മൂന്നു മാസവും അതിലധികവുമായിരിക്കുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്.

നമ്മുടെ പുൽമേടുകൾ ഉൾക്കൊള്ളുന്ന ഭൂപ്രദേശങ്ങളിൽ കൃഷിയും അതിനോടനുബന്ധിച്ചുള്ള വ്യവസായങ്ങളും വളരെ പുരോഗമിക്കുന്നതിന് അനുകൂലമായിട്ടുള്ള സാഹചര്യങ്ങൾ ഉണ്ട്. സ്വീഡൻ, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ പാലുൽപാദനവും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും കൊണ്ട് അവിടെ തൊഴിലില്ലായ്മ പരിഹരിക്കുകയും സമ്പദ് വ്യവസ്ഥ മെച്ചമായ രീതിയിൽ കെട്ടിപ്പടുക്കുകയും ചെയ്തതായിട്ടുള്ള സംഭവങ്ങളെല്ലാം നമുക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അപ്പോൾ ഇന്നിവിടെ തൊഴിലില്ലായ്മ കൊണ്ടും കൃഷിയിലുള്ള ബുദ്ധിമുട്ടുകൾ കൊണ്ടും കഷ്ടപ്പെടുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വളരെയധികം സഹായകരമായിട്ടുള്ള ഒരു നിലപാടായിരിക്കും. നമ്മുടെ രാജ്യത്ത് ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സംബന്ധിച്ചും തൊഴിലില്ലാതെ അലയുന്ന ചെറുപ്പക്കാരെ സംബന്ധിച്ചും രണ്ടു രീതിയിൽ സഹായിക്കുന്ന ഒരു മേഖലയിലേക്ക് ഇതു വിരൽ ചൂണ്ടുകയാണ്.

നമ്മുടെ രാജ്യത്ത് ഗവൺമെൻറ് ആവിഷ്ക്കരിക്കുന്ന പരിപാടികളെക്കുറിച്ച് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുകയും സർക്കാരിൻെറ പരിപാടിയിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു പരിപാടിയാകാതെ ധവളവിപ്ലവം, അതിൻെറ എല്ലാ അർത്ഥത്തിലും ജനങ്ങൾക്കു വിശ്വാസം നൽകിക്കൊണ്ട്, ചെറുപ്പക്കാരുടേയും കൃഷിക്കാരുടേയും ബുദ്ധിമുട്ട് പരിഹരിക്കാൻ ബഹുമാനപ്പെട്ട ജേക്കബ് ചേട്ടൻ തയ്യാറാകുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ''അത്തിച്ചില്ലകൾ കിളിർക്കുമ്പോഴും ഇലവുകൾ കരയുമ്പോഴും വേനൽക്കാലം അടുത്തിരിക്കുന്നു എന്ന് മനസ്സിലാക്കുവിൻ'' എന്ന് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ജേക്കബ് ചേട്ടൻ ഓർക്കുന്നുണ്ടല്ലോ. ഏതായാലും അങ്ങും ഞാനും നമ്മളെല്ലാവരും ഇവിടെ പിരിയാൻ പോകുന്ന ഈ അവസാനഘട്ടത്തിലെങ്കിലും ഒരു നല്ല കാര്യം ചെയ്തു എന്നുള്ള ആത്മവിശ്വാസത്തോടും, സംതൃപ്തിയോടുംകൂടി അങ്ങു പിരിയണം, എന്ന് ഞാൻ അപേക്ഷിക്കുകയാണ്. അത് എല്ലാക്കാലത്തും ഈ രാജ്യത്തിലെ കൃഷിക്കാരും ചെറുപ്പക്കാരും ഓർക്കുന്നതിനും ഇടയാകും. അതുകൊണ്ട് യാതൊരു അഭിപ്രായവ്യത്യാസവുമില്ലാതെ ഈ പ്രമേയം അംഗീകരിച്ചുകൊണ്ട്, ഇതിൻെറ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ഇന്ന് അങ്ങ് അവസാനമായി ഒപ്പിടുന്ന ഫയൽ ഇതാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ജെ. ജോസഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ അർദ്ധ തൊഴിൽരഹിതരായ കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിൽ പ്രദാനംചെയ്യുന്നതിന് ഏറ്റവും പ്രയോജനപ്രദമായ ഒരു പരിപാടി എന്നുള്ള നിലയിലാണ് ധവളവിപ്ലവത്തെ നമ്മൾ കണ്ടിട്ടുള്ളത്. പക്ഷെ ആ ധവളവിപ്ലവം പരിപൂർണ്ണമായി ഫലവത്താക്കുന്നതിന് നമ്മുടെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും കാര്യമായ

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ഉണ്ടായിരുന്നില്ല എന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം പാൽപ്പൊടി ഫാക്ടറി ആരംഭിക്കുമ്പോഴും പാൽപ്പൊടിക്ക് ആവശ്യമുള്ള പാൽ കിട്ടുകയില്ല എന്ന പരാതി പലപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ട്. കൂടുതൽ വന്ന പാൽ തോട്ടിലൂടെ ഒഴുക്കുന്നു എന്ന പരാതി കോട്ടയം ഡി. ഡി. സി. യിൽ വന്ന സംഭവം ഞാൻ ഓർക്കുന്നു. പാൽപ്പൊടി ഫാക്ടറിക്ക് പാൽ ആവശ്യത്തിനു കിട്ടുമെന്നുള്ളതിൽ സംശയമില്ല. ഇന്ന് എസ്. എഫ്. ഡി. എ. യുടെ സഹായങ്ങളും സ്വീകരിച്ചുകൊണ്ടും, ബാങ്കിൽനിന്ന് ലോണെടുത്തുകൊണ്ടും കാലികളെ വാങ്ങിക്കുന്നതിന് നമ്മുടെ കർഷകർ തയ്യാറാകുന്നില്ല. കാരണം അവർ ഇപ്രകാരം ലോണെടുത്ത് കാലികളെ വാങ്ങിച്ചുകഴിഞ്ഞാൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഇന്നു നമ്മുടെ രാജ്യത്ത് കാര്യമായിട്ടില്ല എന്നുള്ളതാണ്. ഈ രാജ്യത്ത് കൂടുതൽ പാലുൽപാദിപ്പിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. പാൽ കൂടുതൽ ഉൽപാദിപ്പിക്കുന്നതിന് തരിശായിക്കിടക്കുന്ന ഭൂമിയിൽ പുതിയ ഡയറികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം നോക്കുകയും ചെയ്തിട്ടുണ്ട്.

ഞാൻ ഈ സന്ദർഭത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തട്ടെ: ഈ രാജ്യത്തെ പാലുൽപാദകരുടെ പ്രയോജനത്തിനുവേണ്ടി ഈ രാജ്യത്ത് രൂപീകരിക്കുന്ന പാൽപ്പൊടി ഫാക്ടറി ഇവിടെ സ്ഥാപിക്കുന്നെങ്കിൽ തീർച്ചയായും അർദ്ധ തൊഴിൽരഹിതരായ കൃഷിക്കാരെ സംബന്ധിച്ച് പ്രയോജനപ്രദമായിരിക്കും. ഈ രാജ്യത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള കെ. എൽ. ഡി. ആൻറ് എം. എം. ബോർഡിൻെറ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കെ. എൽ. ഡി. ആൻറ് എം. എം. ബോർഡിൻെറ ഏജൻസികളോട് നെയ്യ് ചോദിച്ചപ്പോൾ ഇല്ല എന്നു പറഞ്ഞ് കൊടുക്കാതിരിക്കുകയും അതേസമയം 14 ഉറുപ്പികക്ക് ആർ. കെ. വി. കമ്പനിക്ക് നെയ്യ് കൊടുക്കുകയും, അവർ ആ നെയ്യ് മാർക്കറ്റിൽ 30 രൂപയ്ക്കു വിൽക്കുകയും ചെയ്തു. ഏജൻസികളിലൂടെ ഇതു വിൽക്കുകയാണെങ്കിൽ 27 രൂപ ഒരു കിലോ നെയ്ക്ക് ലഭിക്കുമ്പോൾ 14 രൂപക്ക് ആർ. കെ. വി. കമ്പനിക്ക് കൊടുത്തിട്ടുണ്ടെങ്കിൽ അതിൽ ഗുരുതരമായ അഴിമതിയുണ്ടെന്നുള്ളതിൽ സംശയമില്ല. ഗവൺമെൻറ് ഇതിനെപ്പറ്റി അന്വേഷിക്കണം, ഇതിൽ ആരൊക്കെ ഇടപെട്ടിട്ടുണ്ടെന്നുള്ള സത്യം ഈ സംസ്ഥാനത്തെ ജനങ്ങളെ അറിയണം. പാവപ്പെട്ട പാലുൽപാദകരായ കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ 70 പൈസ മാത്രം ലഭിക്കുമ്പോൾ അങ്ങനെയുള്ള പാലുൽപാദകരേയും ജനങ്ങളേയും വഞ്ചിച്ചുകൊണ്ട് കെ. എൽ. ഡി. ആൻറ് എം. എം. ബോർഡിൻെറ നെയ്യ് 14 രൂപയ്ക്ക് ആർ. കെ. വി. കമ്പനിക്ക് കൊടുക്കുകയും 30 രൂപയ്ക്ക് ഈ രാജ്യത്തിലെ പാവപ്പെട്ട ജനങ്ങളെ വാങ്ങിക്കുകയും ചെയ്യുന്ന ഗതികേട് ഉണ്ടെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കാനുള്ള ചുമതല ഈ ഗവൺമെൻറിനുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതിൻെറ ഉത്തരവാദപ്പെട്ട മന്ത്രിയോടു ഞാൻ പറയുന്നു, ഇതേപ്പറ്റി അന്വേഷിക്കണമെന്ന്. ഞാൻ ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. സിറിയക്ക് ജോൺ: ഞാൻ എൻെറ ഭേദഗതികളും അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''നേരിടുന്ന'' എന്നതിനുശേഷം ''രൂക്ഷമായ'' എന്നും കൂടി കൂട്ടിച്ചേർത്ത് ബാക്കി ഭാഗം അതേപടി വായിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ ''ബുദ്ധിമുട്ട്'' എന്നതിനു ശേഷം ''നഷ്ടവും'' എന്നുകൂടി കൂട്ടിച്ചേർത്ത് ബാക്കി ഭാഗം അതേപടി വായിക്കുക.

സർ, ഈ പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോഴും ഇത് ആകപ്പാടെ ഒരു ദൂഷിതവലയമാണ്. ചില സ്ഥലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഇല്ല, വിപണി ഇല്ല, എന്നുള്ളതാണെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽ ആവശ്യത്തിനുള്ള പാൽ, വിതരണ സംഘങ്ങൾക്കു കിട്ടുന്നില്ല എന്നുള്ള ഒരു ദുഃസ്ഥിതിയും ഉണ്ട്. അതേ സംബന്ധിച്ചൊന്നും ഞാൻ ഈ അവസരത്തിൽ ദീർഘമായി പ്രതിപാദിക്കുന്നില്ല. പ്രമേയാവതാരകൻ അതിലേയ്ക്ക് വളരെ വ്യക്തമായി വിരൽ ചൂണ്ടിയിട്ടുണ്ട്. സർ, നമ്മുടെ സംസ്ഥാനത്ത് വളരെക്കൂടുതൽ വികസന സാദ്ധ്യതയുള്ള ഒരു രംഗമാണ് ഇത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേവലം കാർഷിക വൃത്തികൊണ്ടുമാത്രം ഉപജീവനം കഴിക്കാൻ നിർവ്വാഹമില്ലാത്ത, അല്ലെങ്കിൽ മുഴുവൻ സമയവും കാർഷിക വൃത്തിയിൽ വ്യാപൃതരാകേണ്ടതില്ലാത്ത, ഒരു സാഹചര്യത്തിൽ ഒരു ഉപതൊഴിൽ എന്നുള്ള നിലയിൽ കൂടുതൽ വരുമാനമാർഗ്ഗമുണ്ടാക്കാൻ ഈ ക്ഷീരവികസനരംഗം വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. പക്ഷേ അതർഹിക്കുന്ന തരത്തിൽ ഗവൺമെൻറ് പരിഗണന കൽപ്പിക്കുന്നുണ്ടോ എന്നുള്ളതാണ് സംശയമാണ്. സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് മലബാർ പ്രദേശത്തുള്ളവരെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വളരെ അമർഷമുണ്ട്. ഓപ്പറേഷൻ ഫ്ളഡ് 2, ഈ രംഗത്ത് ഏറ്റവും വലിയ ഒരു കാൽവെയ്പാണ്. പക്ഷേ അത് ഷൊർണ്ണൂർ പാലത്തിനപ്പുറത്തേക്ക് കടന്നിട്ടില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെയാണെങ്കിൽ അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് വളരെ ഗൗരവപൂർവ്വമായി കണക്കിലെടുക്കണം. സംസ്ഥാനത്ത് വളരെ സാദ്ധ്യതയുള്ള മലബാർ പ്രദേശത്തേക്ക് അത് വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വേണ്ട സമ്മർദ്ദം ചെലുത്തണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള:</u> സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ഒന്നാമത്തെവരിയിൽ ''ഉൽപാദിപ്പിക്കപ്പെടുന്ന'' എന്ന വാക്കിനുമുമ്പായി ''കേരള സംസ്ഥാനത്ത്'' എന്ന വാക്കുകൂടി ചേർക്കണം. ലോകത്തിലേക്ക് ഏറ്റവും കൂടുതൽ പശുക്കളും ഉള്ള ഒരു രാജ്യമാണ് ഇന്ത്യ. പാൽ ഉൽപാദന കാര്യത്തിൽ അഞ്ചാമത്തേയോ ആറാമത്തേയോ സ്ഥാനത്താണ് കേരളമെന്നാണ് എന്റെ അറിവ്. പാലിന്റെ ഉൽപാദനത്തെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും പരിശോധിക്കുകയാണെങ്കിൽ ലോകത്തിലേക്ക് വച്ച് ഏറ്റവും കുറച്ചു പാൽ ഉൽപാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത് നമ്മുടെ നാട്ടിലെ ജനങ്ങളാണെന്ന് കാണാൻ കഴിയും. അതിനു മാറ്റം വരുത്താൻ നമുക്ക് കഴിയുമെങ്കിൽ തീർച്ചയായും പാൽ രംഗത്ത് വിപ്ലവപരമായ പരിവർത്തനം വരുത്താൻ കഴിയുമെന്നുള്ളത് ഒരു സത്യമാണ്. ധവളവിപ്ലവത്തിന്റെ പേരിൽ കുറെ നടപടികളൊക്കെ സ്വീകരിച്ചാൽത്തന്നെയും പൂർത്തീകരിക്കാൻ കഴിയാത്ത ഒരവസ്ഥയിൽ കിടക്കുകയാണ് നമ്മുടെ നാട്. ഒരുകാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പുന്നപ്രയിൽ ഇപ്പോഴും ഒരു ഡയറി ഫാം പ്രവർത്തിക്കുന്നുണ്ട്. അത് അവിടെനിന്നും മാറ്റാനുള്ള പരിശ്രമം ഗവൺമെൻറ് നടത്തുന്നു എന്നു പറയുന്നത് ശരിയാണെങ്കിൽ ആ ഡയറി ഫാം

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നിന്നും മാറ്റരുതെന്ന് അഭ്യർത്ഥിക്കുകയാണ്. കുറെ ആളുകൾക്ക് തൊഴിൽ കൊടുക്കാൻപര്യാപ്തമായ ഒരു സ്ഥാപനം എന്നുള്ള നിലയിൽ ആ ഡയറിഫാമും, സ്റ്റെർലൈസേഷൻ പ്ലാൻറും അതുപോലെ മറ്റ് സ്റ്റോറേജുകളുമൊക്കെ പ്രവർത്തിക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുന്നതോടൊപ്പം ഒരു പാൽപ്പൊടിനിർമ്മാണശാലകൂടി തുടങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിൽ 7-ാമത്തെവരിയിൽ 'നടപടികൾ' എന്നതിനുമുമ്പ് 'സത്വര' എന്നു ചേർക്കുക. നമ്മുടെ സംസ്ഥാനത്തുനിന്നും വെള്ളവും വൈദ്യുതിയും അയൽ സംസ്ഥാനത്തേക്ക് കയറ്റി അയക്കുന്നതുപോലെ നമ്മുടെ നാട്ടിൽ സുലഭമായ പാലും, നെയ്യും തമിഴ്നാട്ടിലേക്ക് കയറ്റി അയക്കുന്നുണ്ട്. തമിഴ് നാടിന് നാലു ലക്ഷം ലിറ്റർ പാൽ വിറ്റതിൻെറ ഫലമായി ഒരുലക്ഷത്തി എഴുപത്തൊന്നായിരം രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഈ ഒന്നാം തീയതിമുതൽ 2 രൂപ 70 പൈസയായി പാലിൻെറ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. നെയ്യും നമ്മുടെ സംസ്ഥാനത്തുനിന്നും കയറ്റി അയക്കുന്നു. സുലഭമായി ലഭിക്കുന്ന പാല് ഈ രാജ്യത്തിലെ പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്യാതെ അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയച്ചതിൻെറ ഫലമായി ലക്ഷക്കണക്കിന് രൂപ നമ്മുടെ സംസ്ഥാന ഖജനാവിന് നഷ്ടം വന്നിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിക്കണം. അതുപോലെ പാൽപ്പൊടി ഫാക്ടറിക്കുവേണ്ടി തൃശ്ശൂരിൽ 10 ഏക്കർ സ്ഥലം പൊന്നുംവിലയ്ക്ക് ഈ ഗവൺമെൻറ് അക്വയർചെയ്തിട്ടുണ്ട്. ആ സ്ഥലത്ത് പാൽപ്പൊടി ഫാക്ടറി ആരംഭിക്കണം. അതുപോലെതന്നെ കൊടകര ചില്ലിംഗ് പ്ലാൻറിനുവേണ്ടി പ്രതിമാസം 750 രൂപ വാടകയ്ക്ക് സ്ഥലമെടുത്തിട്ട് ഇതുവരെയും അവിടത്തെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. തൃശ്ശൂരിൽ പാൽപ്പൊടി ഫാക്ടറിയും, കൊടകരയിൽ ചില്ലിംഗ് പ്ലാൻറും ആരംഭിക്കുന്നതിന് സത്വരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. 27 രൂപയ്ക്കാണ് ഇവിടത്തെ നെയ്യ് വിതരണം ചെയ്യുന്നത്. 14 രൂപയ്ക്ക് തമിഴ്നാടിന് വിൽക്കുന്ന നെയ്യ് വീണ്ടും അവരവിടെ 30 രൂപയ്ക്കാണ് സാധാരണ ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഈ പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുകയാണ്. കാരണം നമ്മുടെ സംസ്ഥാനത്തുള്ള ചില്ലറ കൃഷിക്കാർക്കും ചെറുകിട കർഷകർക്കും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഗവൺമെൻറ് പല പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ എല്ലാവരുടെയും വീടുകളിൽ ഓരോ പശുവീതം വേണമെന്ന ഗവൺമെൻറിൻെറ തീരുമാനം അനുസരിച്ച് നിരവധി പശുക്കളെ നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തിരിക്കുകയാണ്. പക്ഷെ പശുക്കളെ വാങ്ങിച്ചിട്ടുണ്ടെങ്കിലും പാൽ തക്കസമയത്ത് വിൽപന നടത്താൻ സാധിക്കാത്തതുകൊണ്ട് കൃഷിക്കാർ കടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഗുജറാത്തിലുള്ളതുപോലെ ഒരു പാൽപ്പൊടി നിർമ്മാണകേന്ദ്രം ആരംഭിക്കണമെന്നുള്ളത് ഒരു ആവശ്യമാണ്. സർ, ഒരു കാര്യംകൂടി, ഈ ഓപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഫ്ളഡ് പ്രോഗാം മലബാർ ഭാഗത്തേയ്ക്ക് വ്യാപിച്ചിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. അതുകൊണ്ട് മലബാറിനെ അവഗണിക്കുന്നു എന്നുള്ള ശക്തിയായ ആക്ഷേപം മാറ്റിയെടുക്കാൻ ഗവൺമെൻറ് പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''പാൽപ്പൊടി നിർമ്മാണ ഫാക്ടറി'' എന്നതിനു ശേഷം ''എത്രയും വേഗം'' എന്നുകൂടി ചേർത്ത് ഭേദഗതി വരുത്തേണ്ടതാണ്.

സർ, ഈ ക്ഷീരോൽപാദകരുടെ പ്രശ്നങ്ങൾ ഒരു മിൽക്ക് പൗഡർ പ്ലാൻറു സ്ഥാപിച്ചതുകൊണ്ട് പരിഹരിക്കപ്പെടുമോയെന്നുള്ള കാര്യത്തിൽ എനിക്ക് സംശയം ഉണ്ട്. നമ്മുടെ രാജ്യത്ത് ഒരു പഴമൊഴിയുണ്ട്. ''അമ്മാത്തുനിന്ന് വിടുകയും ചെയ്തു ഇല്ലത്തുചെന്നു കയറിയതുമില്ല'' എന്ന് പറഞ്ഞതുപോലെ മിൽക്ക് പൗഡർ പ്ലാൻറ് സ്ഥാപിച്ചാൽ അതിന് ആവശ്യമായ പാൽ സംഭരിക്കാനുള്ള കഴിവില്ല. അതേസമയത്ത് ചെലവാക്കാൻ മാർഗ്ഗവുമില്ല. ഇതിനെ സംബന്ധിച്ച് ഒന്നുരണ്ട് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. സർ, ഒന്നാമത്തേത് ഇവിടെ നിന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള ഫ്ളൈറ്റിനു രണ്ടരമണിക്കൂർ നേരമേ ആവശ്യമുള്ളു. മിച്ചമുള്ള പാൽ ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണെങ്കിൽ നല്ല വില കിട്ടും.

ശ്രീ. സി. എ. കുര്യൻ: ഇവിടത്തെ കുഞ്ഞുങ്ങൾക്ക് കുടിക്കാൻ പാലില്ലാത്തപ്പോൾ കയറ്റി അയയ്ക്കണമെന്നു പറയാൻ നാണമില്ലേ?

ശ്രീ. പി. ബി. ആർ. പിള്ള: കർഷകരുടെ പ്രശ്നത്തെപ്പറ്റി ശ്രീ. കുര്യന് അറിയില്ലല്ലോ. അതുകൊണ്ട് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പാൽ കയറ്റുമതി ചെയ്യാനുള്ള ഏർപ്പാട് ഗവൺമെൻറ് ഉണ്ടാക്കണം. രണ്ടാമത്തേത് പാലക്കാട് പാലിന് ക്ഷാമമുള്ളപ്പോൾ തിരുവനന്തപുരത്ത് പാൽ കെട്ടിക്കിടക്കുകയാണ്. തിരുവനന്തപുരത്ത് പാലിന് ക്ഷാമമുള്ളപ്പോൾ പാലക്കാട് പാൽ മിച്ചമാണ്. ഇങ്ങനെ ക്ഷാമമുള്ള പ്രദേശങ്ങളിൽ മിച്ചമുള്ള പ്രദേശങ്ങളിൽനിന്നും പരസ്പരം പാൽ നൽകാനുള്ള ഒരു സംവിധാനം, ഒരു കേന്ദ്രീകൃത സ്വഭാവം ഇക്കാര്യത്തിൽ സ്വീകരിച്ചാൽ ക്ഷാമമുള്ള പ്രദേശത്തേക്ക് മിച്ചമുള്ളിടത്തുനിന്നും പാൽ നൽകാം. അങ്ങനെ കൊടുക്കാൻ സാധിച്ചാൽ കുറെയേറെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. അങ്ങനെ നിരവധി പ്രായോഗികമായ കാര്യങ്ങൾ ഗവൺമെൻറിന് ചെയ്യാൻ സാധിക്കും. വലിയ വലിയ കാര്യങ്ങളെപ്പറ്റി വിചാരിച്ചതുകൊണ്ട് ഫലമില്ല. അതുകൊണ്ട് ഇത്തരം ചെറിയ ചെറിയ കാര്യങ്ങൾ ആലോചിച്ചാൽ കർഷകർക്ക് കുറെ സൗകര്യങ്ങൾ കിട്ടും. അവരുടെ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ കഴിയും. അക്കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ഭാസ്കരൻ: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 'പാൽപ്പൊടി നിർമ്മാണ ഫാക്ടറി' എന്നതിനു ശേഷം 'അടിയന്തിരമായി' എന്നുകൂട്ടിച്ചേർത്ത് ഭേദഗതി വരുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മലബാറിനെ അവഗണിക്കുന്നു എന്നുള്ളതുകൊണ്ട് അടിയന്തിരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാൽപ്പൊടി നിർമ്മാണകേന്ദ്രം മലബാർ ഭാഗത്ത് സ്ഥാപിക്കണമെന്ന്, പ്രത്യേകിച്ച് കണ്ണൂരിൽ സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കുറെ മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി അവിടെയൊരു ക്ഷീരസംസ്ക്കരണ ഫാക്ടറി ഉദ്ഘാടനം ചെയ്തു. ആ ഫാക്ടറിയോടനുബന്ധിച്ച് ഈ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 'പാൽപ്പൊടി നിർമ്മാണ ഫാക്ടറി' എന്നതിനുശേഷം 'ആരംഭിക്കുവാനും സംഘങ്ങൾക്ക് അടിയന്തിര സഹായങ്ങൾ ചെയ്തു കൊടുക്കാനും' എന്ന് ചേർക്കുക.

ഇതിൽ പറഞ്ഞ പാൽപ്പൊടിസംസ്ക്കരണകേന്ദ്രത്തെ സംബന്ധിച്ചും ഫാക്ടറിയെ സംബന്ധിച്ചും ഈ അസംബ്ലിയിൽ പല അംഗങ്ങളും ഉന്നയിച്ച ആവശ്യം കഴിയുന്നതുംവേഗം നടപ്പിൽ വരുത്താനുള്ള സത്വരനടപടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഫാക്ടറി സ്ഥാപിച്ച് ഇതിന് ഒരു പരിഹാരം കാണുന്നതിന് മുൻപായി ഇന്ന് ക്ഷീരസഹകരണസംഘങ്ങൾക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് അടിയന്തിര സ്വഭാവമുള്ള ചില നടപടികൾ അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില്ലിംഗ് പ്ലാന്റുകളിൽ ചിലയവസരങ്ങളിൽ വേണ്ടത്ര പാൽ കിട്ടുകയും വേണ്ടത്ര പാൽ കിട്ടാതെ വരികയും ചെയ്യുന്ന ഈ സമ്പ്രദായം അവസാനിപ്പിച്ച് ഏതെല്ലാം കേന്ദ്രങ്ങളിൽ ചില്ലിംഗ് പ്ലാന്റുകൾ ഉണ്ടോ അവയുടെ കപ്പാസിറ്റി അനുസരിച്ച് കൂടുതൽ ഉണ്ടാകുന്ന പാൽ മറ്റു കേന്ദ്രങ്ങളിൽ എത്തിക്കാനും അത് വിതരണം ചെയ്യാനും ഉള്ള താൽക്കാലിക സൗകര്യങ്ങൾ അടിയന്തിരമായി ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും പാൽപ്പൊടി നിർമ്മാണ ഫാക്ടറി തുടങ്ങണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ധവളവിപ്ലവം—പാലിന്റെ പ്രളയം ഒന്നുകഴിഞ്ഞു. രണ്ടാമത്തേത് നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ പാൽ സംസ്ക്കരിക്കുന്നതിനും അതുപോലെതന്നെ പാൽകൊണ്ട് പല ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ പല സ്ഥലത്തും ഉണ്ടാക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും വയനാട്ടിൽ ഉണ്ടാക്കുന്ന പാൽ കോഴിക്കോട്ടേക്ക് കൊണ്ടുപോകുന്നതിന് വളരെയധികം ദൂരമുണ്ട്. അതുകൊണ്ട് വയനാട്ടിൽ തന്നെ ഒരു ചില്ലിംഗ് പ്ലാന്റും അതിനുള്ള സജ്ജീകരണങ്ങളും താമസിയാതെ ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''ഉൽപ്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാനുള്ള'' എന്ന ആദ്യഭാഗത്തിന് മുമ്പായി താഴെ പറയുന്നതുകൂടി ചേർക്കുക:

''കെ. എൽ. ഡി. എം. എം. ബോർഡിൽനിന്ന് കൃത്യസമയത്തിന് പാൽവില കൊടുക്കാത്തതുകൊണ്ടും''.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സംസാരിച്ച അവസരത്തിൽ നമ്മുടെ സംസ്ഥാനത്തെ പാൽ ഉൽപ്പാദനം വളരെ വർദ്ധിച്ചിരിക്കുന്നു ഇനി കയറ്റി അയയ്ക്കേണ്ട സ്ഥിതി വന്നിരിക്കുന്നു എന്നൊക്കെ പറയുമ്പോഴും യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടയ്ക്കുകയാണ് അവർ ചെയ്യുന്നത്. ബഹുഭൂരിപക്ഷം ആളുകളുടെയും ആരോഗ്യം ഇന്ന് അപകടത്തിലാണ്. പ്രത്യേകിച്ച് കുട്ടികൾക്ക് ഒരു മില്ലി പാൽപോലും കിട്ടാൻ കഴിയാത്ത അവസരത്തിൽ കേരളത്തിൽ നിന്നും പാൽ കയറ്റി അയയ്ക്കണമെന്നുള്ള ചിന്താഗതി വച്ചുപുലർത്തുന്നതുതന്നെ ശരിയല്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ലയിനം പശുക്കൾ ഈ രാജ്യത്ത് കൂടുതൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഒരു വീടിന് ഒരു കറവപ്പശു എന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചതിനുശേഷം കറവ മാത്രമേയുള്ളു, പശു ഇതുവരെ എത്തിയിട്ടില്ല. എന്തുകൊണ്ട് ഈ കാര്യങ്ങൾ നടക്കുന്നില്ല. നമ്മുടെ ഗവൺമെൻറിന്റെ ശ്രമഫലമായി നല്ലയിനം പശുക്കളെ സൃഷ്ടിച്ചു. സ്വിസ്സ് ബ്രൗൺ. ഇത് കാഴ്ചയ്ക്ക് വളരെ ഭംഗിയുള്ളതാണ്, പക്ഷെ യീൽഡ് കുറവാണ്. അതുകൊണ്ട് ജേഴ്സിയെപ്പോലുള്ള നല്ല ഇനം പശുക്കളെ നമ്മുടെ നാട്ടിൻപ്രദേശത്തെ കർഷകർക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇക്കഴിഞ്ഞ ആഴ്ചയിൽ നാഷണൽ ഡയറി ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുമായിട്ട് സംസാരിക്കാൻ ഇടയായി. അവരുടെ അഭിപ്രായത്തിൽനിന്നും പാൽപ്പൊടി നിർമ്മാണകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുമെന്നാണ് അറിയുന്നത്. അതുപോലെ ഫോഡർ ഫാക്ടറി അങ്ങനെ വളരെ സ്കീമുകൾ ഉണ്ട്. പക്ഷെ ഇടുക്കിയെപ്പോലുള്ള പിന്നോക്കജില്ലയിൽ ഏറ്റവും കൂടുതൽ പശുക്കൾ ഉള്ള പ്രദേശത്ത്, അതുപോലെ പുല്ല് ധാരാളമായി ഉള്ളിടത്ത് പശ്ചിമഘട്ടവികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്ത്, ഈ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെൻറ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സ്പീക്കർ സർ, എന്റെ സ്നേഹിതൻ ശ്രീ. പി. സി. ജോസഫ് അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ വിപണനം ചെയ്യുന്നതിനും, അത് സംഭരിച്ച് വിതരണം ചെയ്യുന്നതിനും ഒരു പദ്ധതി ഉണ്ടാക്കി. ആ പദ്ധതിയുടെ പേര് ഓപ്പറേഷൻ ഫ്ളഡ് നമ്പർ–2 എന്നാണ്. കേന്ദ്രഗവൺമെൻറിന്റെയും വേൾഡ് ബാങ്കിന്റെയും അംഗീകാരത്തിനായി അത് സമർപ്പിച്ചിരിക്കുകയാണ്. ഇത് ഏകദേശം 18 കോടി രൂപയുടെ ഒരു പദ്ധതിയാണ്. സ്വിസ് ഗവൺമെൻറിൽനിന്ന് 6 കോടി രൂപയുടെ സഹായം തരാമെന്ന് ഏറ്റിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോഴേക്കും നമ്മുടെ നാട്ടിലുണ്ടാക്കുന്ന പാലെല്ലാം ഇവിടെത്തന്നെ സംസ്കരിച്ച് പാൽപ്പൊടി മുതലായവ ഉണ്ടാക്കാൻ സാധിക്കും. ഇന്ന് നമുക്ക് പാൽപ്പൊടി ഫാക്ടറികളുണ്ടാക്കാൻ സാദ്ധ്യമല്ല. കാരണം ഇന്ന് ഇവിടെ ഒരു ലിറ്റർ പാലെ പാൽപ്പൊടിയാക്കിയാൽ ഒന്നിൽ ചിലപ്പോൾ രൂപ നഷ്ടം വരും. അതുകൊണ്ടാണ് തൽക്കാലം നമ്മൾ ചെയ്യാത്തത്. ഈയിടെ കുറെ പാൽ അധികം വന്നു. നമ്മൾ അത് മദ്രാസിൽ അയച്ച് പാൽപ്പൊടി ആക്കിയതിന്റെ പേരിൽ ലിറ്ററിന് ഒരു രൂപയോളം നഷ്ടം വന്നു. അത് അങ്ങനെ ഇവിടെ സൂക്ഷിച്ചിരിക്കുകയാണ്. ലീൻ മന്ത് വരുമ്പോഴേക്കും, അതായത് പാലെല്ലാം കുറച്ച് ഉൽപ്പാദിപ്പിക്കുന്ന കാലം വരുമ്പോഴേക്കും, അതെടുത്ത് പാലാക്കി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. മദ്രാസുകാരുമായി നമുക്ക് ഈ ലൈനിൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്പീറ്റ് ചെയ്യാൻ സാദ്ധ്യമല്ല. അവിടെ പാലിന് വളരെ വില കുറവാണ്.

നമുക്ക് ഇവിടെ ഫോഡർ ഇല്ല, കൃാറ്റിൽ ഫീഡ് ഇല്ല. ആയിരം ടണ്ണോളം കൃാറ്റിൽ ഫീഡ് കേരളത്തിന് വേണ്ടിവരും. നമുക്ക് ഇവിടെ കിട്ടുന്നത് ആകപ്പാടെ തട്ടിമുട്ടി 250 ടൺ ആണ്. ആയിരം ടൺ ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്. നമ്മുടെ ഇവിടത്തെ ഒരു ഫാക്ടറിയിൽ 60 ടൺ മാത്രമേ ഉണ്ടാക്കുന്നുള്ളു. അത് കൂടുതലുണ്ടാക്കാൻ നമുക്ക് ഉദ്ദേശമുണ്ട്. ഇവിടെ പാലിന് വില കൂടാൻ കാരണം നമുക്ക് കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കൃഷിക്കാർക്ക് കൊടുക്കാൻ സാധിക്കാത്തതാണ്. കൂടിയ വിലയ്ക്കാണ് കാലിത്തീറ്റ നമ്മൾ വാങ്ങുന്നത്. അതുകൊണ്ട് ഓപ്പറേഷൻ ഫ്ളഡ് നമ്പർ–2 വരുമ്പോൾ നമ്മുടെതായ ഒരു ഫാക്ടറി ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അപ്പോൾ കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ സാധിക്കും. ഇവിടെ ഫോഡർ കുറവാണ്. പുല്ല് വളരെ കുറവാണ്. അന്യപ്രദേശങ്ങളിൽ നിന്ന്, മദ്രാസിൽനിന്നും മറ്റുമാണ് അത് ഇവിടെ കൊണ്ടുവരുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഫാക്ടറി എവിടെയാണ് സ്ഥാപിക്കാൻ പോകുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിച്ചു വരുന്നതേയുള്ളു. തൃശ്ശൂരിൽ അതിന് കല്ലിട്ടിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കല്ലിട്ട സ്ഥലത്തുതന്നെയാണൊ നിർമ്മിക്കാൻ പോകുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: അവിടെ ചിലപ്പോൾ ഉണ്ടായെന്ന് വന്നേക്കാം. ചിലപ്പോൾ മാറ്റിയെന്നും വന്നേക്കാം. ഇപ്പോൾ തീർത്തുപറയാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എറണാകുളത്തേയ്ക്ക് മാറ്റാൻ പോകുന്നതായി കേട്ടു. അതു ശരിയാണൊ?

ശ്രീ. എ. എൽ. ജേക്കബ്: വേണ്ടിവന്നാൽ മാറ്റും.

ശ്രീ. സിറിയക് ജോൺ: സർ, ഈ ഓപ്പറേഷൻ ഫ്ളഡ് നമ്പർ–2 തൃശ്ശൂർ വരെയുള്ളോ; അതിനപ്പുറമുള്ള സ്ഥലങ്ങൾ കേരള സംസ്ഥാനത്തിൽ ഉൾക്കൊള്ളുന്ന സ്ഥലങ്ങളല്ലായെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ടവരും ധരിച്ചുവച്ചിരിക്കുന്നത്. അതോ ഈ സംസ്ഥാനത്ത് ഉടനീളം ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇത് നമ്മളല്ല ചെയ്യുന്നത്. നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡാണ് ചെയ്യുന്നത്. അവരാണ് സകല ഏർപ്പാടുകളും ചെയ്യുന്നത്. അവരുടെ ആഫീസേഴ്സ് ഒരു സ്റ്റഡി ടീം ആണ് ഇവിടെ വരുന്നത്. നമുക്ക് ഒരിക്കലും അതിൽ ഇൻറർഫിയർ ചെയ്യാൻ സാധിക്കുകയില്ല. സെലക്ഷൻ കൂടി അവരാണ് ചെയ്യുന്നത്. ഈ കഴിഞ്ഞ ജൂലൈ മാസത്തിൽ ഞാൻ ഗുജറാത്തിലെ ആനന്ദിൽ പോയിരുന്നു, ഇതിനെക്കുറിച്ച് സംസാരിച്ചു. നമ്മൾ ഇക്കാര്യത്തിൽ ഇൻറർഫിയർ ചെയ്യാൻ പാടില്ല, അങ്ങനെ ചെയ്താൽ അവർ ഈ ഏർപ്പാടും

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഇങ്ങോട്ട് വരികയില്ലായെന്നാണ് പറഞ്ഞത്. അതുകൊണ്ട് അവർക്ക് ഇത് കൈകാര്യം ചെയ്യാൻ ക്ലീൻ ഹാൻഡാണ് കൊടുത്തിരിക്കുന്നത്. ഒരു തരത്തിലും നമുക്ക് യാതൊരു ഹോൾഡുമില്ല. മറ്റു ചില കാര്യങ്ങൾ ചെയ്തുകൊടുത്താൽ അവർ ഇങ്ങോട്ട് വരും. ശ്രീ. സിറിയക് ജോൺ പറഞ്ഞു, വടക്ക് ഒന്നുമില്ലായെന്ന്.

ശ്രീ. സിറിയക് ജോൺ: നമുക്ക് ഹോൾഡ് ഇല്ലെന്ന് പറയുമ്പോൾ ഈ സ്റ്റഡിടീം സംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങൾ കൂടി പരിഗണിക്കണമെന്ന് പറഞ്ഞ് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വകവയ്ക്കാതെയാണോ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്?

ശ്രീ. എ. എൽ. ജേക്കബ്: നമുക്ക് അങ്ങനെ നിർദ്ദേശിക്കാൻ പാടില്ല, മിണ്ടാൻ പാടില്ലായെന്നാണ് അവർ പറഞ്ഞത്. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാരുടെയും, ശ്രീ. സിറിയക് ജോണിന്റെയും പരാതി വടക്കൊന്നുമില്ലായെന്നാണ്. വടക്ക് ചെയ്യണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ നമ്മൾ ആരും അറിയാതെയാണ് എൻ. ഡി. ബി. യിലെ ഉദ്യോഗസ്ഥൻമാർ ഈ സ്ഥലമൊക്കെ സന്ദർശിച്ചത്. അവർ തിരു-കൊച്ചിയിലെ പല ഭാഗങ്ങളും അതുപോലെതന്നെ മലബാർ പ്രദേശങ്ങളുമൊക്കെ സന്ദർശിച്ച് ഒരു സർവ്വേ നടത്തി. ആ സർവ്വേയിൽ പറയുന്നതെന്താണെന്നുവച്ചാൽ ട്രാവൻകൂർ-കൊച്ചി ഏരിയായിൽ Density of milk per square kilometre is 59 litres per day എന്നാണ്. മലബാറിൽ 25 ലിറ്റർ കിട്ടും. ഇവിടെ ഒരു സ്കയർ കിലോ മീറ്ററിന് 59 ലിറ്റർ പാല് കിട്ടുമ്പോൾ മലബാർ പ്രദേശങ്ങളിൽ വെറും 25 ലിറ്റർ ആണ് കിട്ടുന്നത്. അതുപോലെതന്നെ ക്യാറ്റിൽ ഡെൻസിറ്റി പെർ സ്കയർ മീറ്റർ 89 ആണ്. മലബാറിൽ 60 ആണ്. ഇതെല്ലാം കൊണ്ടാണ് മലബാർ പ്രദേശങ്ങളിൽ തൽക്കാലം വേണ്ടെന്ന് വച്ചിട്ടുള്ളത്.

ശ്രീ. സിറിയക് ജോൺ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സംബന്ധിച്ചിടത്തോളം, ഡെൻസിറ്റി ആഫ് ക്യാറ്റിലിന്റെ കാര്യം പറയുമ്പോൾ, ഐ. സി. ഡി. പി. പോലുള്ള പരിപാടികൾ മലബാറിൽ അനുവദിക്കുന്നില്ല. അതുകൊണ്ടാണ് അവിടെ ക്യാറ്റിൽ ഡെൻസിറ്റി കുറഞ്ഞത്.

ശ്രീ. എ. എൽ. ജേക്കബ്: അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പാല് അവിടെ ഉൽപ്പാദിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്. അവിടെ ഏറ്റവും കൂടുതൽ പാല് ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എ. കുര്യൻ: എൻ. ഡി. ഡി. ബി. കേരളത്തിൽ വന്നപ്പോൾ, ഇടുക്കി ജില്ലയാണു പശുക്കളെ വളർത്താൻ പറ്റിയതെന്നും അവിടെ ഉൽപാദനകേന്ദ്രങ്ങളും വിതരണ കേന്ദ്രങ്ങളും നടത്തണമെന്നും ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അറിവില്ല.

ശ്രീ. എം. വി. രാഘവൻ: കണ്ണൂരാണു പറ്റിയതെന്നു ശുപാർശയുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: കണ്ണൂരുള്ള പശുവിനു പാൽ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ഇത് അപവാദമാണ്.

ശ്രീ. എ. എൽ. ജേക്കബ്: അല്ലല്ല. അവിടൊക്കെ ചുറ്റിസഞ്ചരിച്ചിട്ടുള്ള ആളാണു ഞാൻ. ഉൽപാദനശേഷി കുറവാണ്.

അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. കൊടുത്താൽപ്പോലും സ്വീകരിക്കുകയുമില്ല. കൂടുതൽ പാലുൽപാദിപ്പിക്കാൻ വേണ്ടതു ചെയ്യുന്നുണ്ട്.

പിന്നെ, പാലിനു കൂടുതൽ വില കിട്ടേണ്ടതിനെപ്പറ്റി സുഹൃത്തുക്കൾ പറഞ്ഞു. അതിനുവേണ്ടിയുള്ള കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതിനാണ് കൊക്കോ പ്ലാൻറ് ചോക്കലേറ്റ് ഉണ്ടാക്കാൻ ഉദ്ദേശമുണ്ട്. ന്യൂട്രീൻ മുതലായവ പോലെയുള്ള ബേബി ഫുഡ് ഉണ്ടാക്കാൻ ഉദ്ദേശമുണ്ട്. പിന്നെ 25000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ചീസ് പ്ലാൻറ് ഉണ്ടാക്കാൻ പോകുന്നു. അതിനു നല്ല സ്കോപ്പുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: എന്നു വച്ചാൽ എന്താണ്?

ശ്രീ. എ. എൽ. ജേക്കബ്: ഡിക്ഷ്ണറി നോക്കിയാൽ അറിയാം.

പിന്നെ ഓവൽട്ടിൻ പോലെയുള്ള ആഹാരം ഉണ്ടാക്കാം. അങ്ങനെ പാലിനു കൂടുതൽ വില കിട്ടാനുള്ള പ്ലാനും പരിപാടിയുമൊക്കെ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. കൃഷിക്കാരനെ സഹായിക്കാൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യും. അതുകൊണ്ട് പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ജോസഫ് പ്രമേയം പ്രസ്സ് ചെയ്യുകയില്ലെന്നു വിചാരിക്കുന്നു. ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് കൃഷിക്കാരനെ സഹായിക്കാൻ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്യാം.

ശ്രീ. പി. സി. ജോസഫ്: കെ. എൽ. ഡി. ആൻഡ് എം. എം. ബോർഡ് 27 രൂപയ്ക്കു നെയ് മാർക്കറ്റിൽ വിൽക്കുമ്പോൾ 14 രൂപ വച്ച് ആർ. കെ. വി. കമ്പനിക്കു കൊടുത്തു എന്നുപറഞ്ഞു. വിജിലൻസിനെക്കൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അന്വേഷിപ്പിക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: നെയ്ക്ക് ചെലവില്ലാതെ കുറച്ചുനാൾ മുൻപ് കെട്ടിക്കിടന്നു. ടെണ്ടർ വിളിച്ച് വിറ്റു.

ശ്രീ. പി. സി. ജോസഫ്: മനഃപൂർവം കെട്ടിക്കിടത്തിയതാണ്. നിജസ്ഥിതി മനസ്സിലാക്കാൻ വേണ്ടിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം.

The amendments moved by Sri Cyriac John, were by leave, withdrawn.

The amendment moved by Sri Thundathil Kunjukrishna Pillai was, by leave, withdrawn.

The amendment moved by Sri Lonappan Nambadan was, by leave, withdrawn.

The amendment moved by Sri P. B. R. Pillai, was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Sri P. Bhaskaran was, by leave, withdrawn.

The amendment moved by Sri P. K. Sankarankutty was, by leave, withdrawn.

The amendment moved by Sri C. A. Kurian was, by leave, withdrawn.

Mr. Deputy Speaker: Mr. P. C. Joseph, do you press your resolution ?

ശ്രീ. പി. സി. ജോസഫ്: എന്റെ പ്രമേയത്തിലെയും സഭയിലെ അംഗങ്ങളുടെയും വികാരങ്ങളുൾക്കൊണ്ടു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഉറപ്പു നൽകിയിരിക്കുന്നതുകൊണ്ട്, അതും പ്രിയപ്പെട്ട ജേക്കബ് ചേട്ടൻ ഉറപ്പു നൽകിയിരിക്കുന്നു എന്നതുകൊണ്ട്, പ്രമേയം പിൻവലിക്കുന്നു.

The resolution was by leave withdrawn.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

1979 ഒക്ടോബർ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് കൂടുന്നതിനായി സഭ ഉച്ചയ്ക്ക് 12.35-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly